Draft #3 of File 27208/EI 39/2/2019 Approved by ASSISTANT REGISTRAR IV (ACADEMIC) on 22-Oct-2019 06:07 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാരാജാസ് കോളേജ്, എറണാകുളം - 2016 അഡ്മിഷൻ യു.ജി, 2017 അഡ്മിഷൻ പി.ജി ബാച്ചുകളുടെ ഗ്രേഡിംഗിലെ വ്യതിയാനം- ടി ബാച്ചുകളിലെ അർഹരായ വിദ്യാർത്ഥികളുടെ ഡിഗ്രി/ പ്രൊവിഷണൽ സാക്ഷ്യപത്രങ്ങൾ വിതരണം ചെയുവാൻ, ബഹു.വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, വകുപ്പ് 3.10(17) പ്രകാരം, അനുമതി നൽകിയത് - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി / സെക്ഷൻ**

നമ്പർ. 5116/AC B 7/2019/എം.ജി.യു　　　　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 23.10.2019

---

പരാമർശം:-1.12/02/2018 തീയതിയിലെ 931/2/ഏ സി ബി VII /2018 നമ്പർ ഉത്തരവ്
2. 05/10/2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം മിനിട്സ് ഇനം.നം. 73/19.08/27208/EI39/2/2019

**ഉത്തരവ്**

സർവ്വകലാശാല 2017 യു.ജി അഡ്മിഷൻ മുതൽ സ്വീകരിച്ച റെഗുലേഷൻ, മഹാരാജാസ് കോളേജ് എറണാകുളം 2016 അഡ്മിഷൻ യു.ജി ബാച്ച് മുതൽ നടപ്പിലാക്കിയതായും 2017 അഡ്മിഷൻ പി.ജി ബാച്ചിന് സർവ്വകലാശാലയുടെ റെഗുലേഷനുകളിൽ നിന്നും ഗണ്യമായ വ്യതിയാനം ഉള്ളതായും കണ്ടെത്തിയിരുന്നു.

ടി കോളേജിലെ 2015 അഡ്മിഷൻ പി.ജി ബാച്ചിന് സർവ്വകലാശാലയുടേതിൽ നിന്നും വ്യത്യസ്തമായ ഗ്രേഡിംഗ് രീതി പിന്തുടർന്നത് കണ്ടെത്തിയതിനെ തുടർന്ന് കോളേജിന് 10 ലക്ഷം രൂപ പിഴ ചുമത്തിയത്, സർക്കാരിൽ നിന്നും ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ നിർത്തിവയ്ക്കണമെന്നും, വിദ്യാർത്ഥികളുടെ സാക്ഷ്യപത്രങ്ങൾ വിതരണം ചെയ്യണമെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് സർവ്വകലാശാലയെ അറിയിച്ചിരുന്നതനുസരിച്ച് 2015 അഡ്മിഷൻ പി.ജി വിദ്യാർത്ഥികളുടെ ഡിഗ്രി / പ്രൊവിഷണൽ സാക്ഷ്യപത്രങ്ങൾ വിതരണം ചെയ്യുവാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

കോളേജ്, 2016 അഡ്മിഷൻ പി.ജി ബാച്ചിനും സർവ്വകലാശാലയുടേതിൽ നിന്നും വ്യത്യസ്തമായ ഗ്രേഡിംഗ് രീതിയാണ് പിന്തുടർന്നിരിക്കുന്നത് എന്ന് കണ്ടെത്തുകയും, സർക്കാരിൽ നിന്നും ഇനി ഒരറിയിപ്പ് ലഭിക്കുന്നത് വരെ ടി ബാച്ചിലെ അർഹരായ വിദ്യാർത്ഥികൾക്കും ഡിഗ്രി/ പ്രൊവിഷണൽ സാക്ഷ്യപത്രങ്ങൾ വിതരണം ചെയ്യുന്നതിനും അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഈ വിഷയങ്ങൾ പരിഗണിച്ച ബഹു.വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, വകുപ്പ് 3.10(17) പ്രകാരം, എറണാകുളം മഹാരാജാസ് കോളേജിലെ 2016 അഡ്മിഷൻ യു.ജി, 2017 അഡ്മിഷൻ പി.ജി ബാച്ചുകളിലെ അർഹരായ വിദ്യാർത്ഥികളുടെയും ഡിഗ്രി/ പ്രൊവിഷണൽ സാക്ഷ്യപത്രങ്ങൾ വിതരണം ചെയ്യുവാൻ അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു. തദനുസരണം 21.08.2019-ലെ 4032/ACB7/2019/എം.ജി.യു നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഈ വിഷയം പരാമർശം (2) പ്രകാരം ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3.ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
4.ഡെപ്യൂട്ടി രജിസ്ട്രാർ II(അക്കാദമിക്)
5.അസിസ്റ്റൻറ് രജിസ്ട്രാർ IV
6.ഏസി.സി. സെക്ഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം